[Hon'dle Mr. A. J. John]

മെസ്സേഴ്സ്. അലക്സാണ്ടർ വാകയിൽ
കെ. എം. ചാണ്ടി
എ. പി. ഉദയഭാനു
കെ. രാമകൃഷ്ണപിള്ള
പിലിപ്പോസ് മുതലാളി
വി. കെ. വറുഗീസ്
പി. ഗോപാലൻ
മന്നാർ ഗോപാലൻനായർ
എൻ. എസ്സ്. കൊച്ചുകുഞ്ഞു്
പാറം തളിയത്തു്
പി. എസ്സ്. മഹമ്മദ്
കെ. എ. മാത്യു
കെ. എ. ഗംഗാധരമേനോൻ.

ഈ സെലക്റ്റുകമ്മിറ്റിയും മേൽവിവരിച്ചുപോലെ Standing order-നെ ഭേദപ്പെടുത്തി ഒരു മാസത്തിനകം റിപ്പോർട്ടുചെയ്യണം. ഇതിന്റെ കോറം നാല്പായിരിക്കണം എന്നുംകൂടി ഞാൻ അഭിപ്രായപ്പെടുന്നു.

HON'BLE MR. N. KUNJURAMAN: ഞാൻ ഇതിനെ സെക്കൻറു ചെയ്യുന്നു.

The motion was put to vote and carried.

THE UNITED NATIONS PRIVILEGES AND IMMUNITIES BILL.

HON.BLE MR. A. J JOHN: ഇൻഡ്യൻ ലജിസ്ലേറ്റീവ് അസംബ്ലിയിൽ ഈ കഴിഞ്ഞ ഫർ ട-ൽ രണ്ടു ബില്ലുകളും പാസ്സാക്കുകയും ഫർ ട ഡിസംബർ ഫ ഠ-ാംനു- ഗവർണ്ണർ ജനറലിന്റെ അനുമതി ലഭിച്ചു ആക്ടുകളായി തീരുകയും ചെയ്തു. ഫർ ട ജൂൺ ഫ ട-ാം തീയതി സാൻഫ്രാൻസിസ്കോയിൽ വച്ചു് ഒപ്പുവച്ച യുണൈറ്റഡ് നേഷൻസ് ചാർട്ടർ ഇൻഡ്യ സമ്മതിച്ചു സ്വീകരിച്ചു. ഈ ചാർട്ടറിലെ വ്യവസ്ഥകളും അനുസരിച്ചു് രണ്ടു ആക്ടുകളും ഇൻഡ്യയിലും നടപ്പിൽ വരുത്തേണ്ടതായിവന്നു. ടി യുണൈറ്റഡ് നേഷൻസ് സെക്യൂരിറ്റി കൗൺസിൽ ആക്ട് ആൻറു യുണൈറ്റഡ് നേഷൻസു പ്രിവിലേജസ്

LIBRARY ARCHIVES Kerala Legislative Assembly

ആൻഡ് ഇമ്മ്യൂണിറ്റീസ് ആക്ട് (Acts 43 and 46 of 1947) എന്ന രണ്ട് ആക്ട്കളും ഇതനുസരിച്ച നടപ്പിൽവരുത്തി. ഈ ആക്ട്കൾക്കു തുല്യമായ ആക്ട്കൾ തിരുവിതാംകൂറിലും കഴിയുന്നതും വേഗത്തിൽ നടപ്പാക്കി വിവരം സ്റ്റേറ്റു മിനിസ്ട്രിയെ അറിയിക്കണമെന്നും ഗവണ്മെന്റു ആഫ് ഇൻഡ്യയിൽ നിന്നും ഫൻർവ മേയ് മാസം ന്-ാംനു- ഈ ഗവണ്മെൻറിനു ഒരു ലറ്റർ ലഭിച്ചു. ആ ലറ്ററിനെ അടിസ്ഥാനപ്പെടുത്തി മേൽ വിവരിച്ച രണ്ടു ആക്ട്കളും അനുസരിച്ചുള്ള നിയമനിർമ്മാണം ഇവിടെയും വേണമെന്നും അതിലേക്കുള്ള നടപടികൾ ഉടനെ എടുക്കണമെന്നും മുൻ പ്രധാനമന്ത്രിയായിരുന്ന മിസ്റ്റർ ഏ. താണുപിള്ള മന്ത്രിസഭയുടെപ്രതിനിധി എന്ന നിലയിൽ ഉത്തരവുചെയ്തു. മിസ്റ്റർ പട്ടം താണുപിള്ളയുടെ ഈ ഉത്തരവു അടിസ്ഥാനപ്പെടുത്തിയാണു ഈ കഴിഞ്ഞ വെള്ളിയാഴ്ച ഈ ബില്ലുകളിൽ ഒന്നായ ടി യുണൈറ്റഡ് നേഷൻസ് സെക്യൂറിറ്റികൗൺസിൽ ബിൽ ഈ സഭ മുൻപാകെ അവതരിപ്പിച്ചതു് ആ ബിൽ അവതരിപ്പിച്ചപ്പോൾ മിസ്റ്റർ പട്ടം താണുപിള്ളതന്നെ. എതിർത്തു സംസാരിച്ചതു എങ്ങനെയെന്നു മനസ്സിലാകുന്നില്ല. മിസ്റ്റർ താണുപിള്ള എതിർത്തു എങ്കിലും ബിൽ സെലക്ട് കമ്മിറ്റിക്കു അയയ്ക്കുന്നതിനു സഭ അനുവദിക്കുകയും അങ്ങനെ സെലക്ട് കമ്മിറ്റിക്കു് അയയ്ക്കുകയും ചെയ്തു.

വെള്ളിയാഴ്ച സെലക്ട്കമ്മിറ്റിക്കു റഫർചെയ്ത ബില്ലൊട്ടുക്രടിയുള്ളതാണു് ഈ ബിൽ. യുണൈറ്റഡ് നേഷൻസിന്റെ ചാർട്ടർ ഇൻഡ്യ സ്വീകരിച്ചു എന്നു ഞാൻ ആദ്യം പ്രസ്താവിച്ചുവല്ലോ. യുണൈറ്റഡ്നേഷൻസിന്റെ ആവശ്യപ്രകാരം ഇൻഡ്യൻ ഡൊമിനിയനിൽ ഈ ബില്ലുകൾക്കു് അനുസരണമായ ആക്ട്കൾ നടപ്പിൽ വരുത്തിയിട്ടുണ്ടു്. തിരുവിതാംകൂർ ഇൻഡ്യയുടെ ഒരു ഘടകമാണു്. എന്നാൽ ഇപ്പോഴത്തെ നിലയ്ക്കു് ഇൻഡ്യയിൽ നടപ്പിലാക്കിയ ആക്ട്കൾ തിരുവിതാംകൂറിനെ ബാധിക്കുന്നതല്ല. ഇവിടെ ഹാജരാക്കിയിരിക്കുന്ന ഈ ബിൽ തിരുവിതാംകൂറിൽ നടപ്പിൽ വരുത്തേണ്ടതായിട്ടുണ്ടു്.

യുണൈറ്റഡ് നേഷൻസിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിലേക്കു് നിയമാനുസരണമുള്ള ഒരു സ്ഥാനം യു. എൻ. ഓ-യ്ക്കു അതിൽ ഉൾപ്പെടുത്തപ്പെട്ട എല്ലാ അംഗരാജ്യങ്ങളിലും ഉണ്ടായിരിക്കണം. അതിനുള്ള ഫാ ര-ൽ വിവരിക്കുന്നതു് ഇപ്രകാരമാണു്. യു. എൻ. ഓ-

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. A. J. John]

യുടെ ഉദ്ദേശങ്ങളും സാധിതപ്രായമാകുന്നതിലേക്ക് ആ സംഘടനയിൽ ചേർന്നിട്ടുള്ള എല്ലാ രാജ്യങ്ങളിലും ആ സംഘടനയ്ക്ക് പ്രത്യേക അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും ഉണ്ടായിരിക്കണം എന്നുള്ളതാണ്.

ഈ ബില്ലിനെപ്പറ്റി അധികം തന്നെ എതിരഭിപ്രായം പറയാൻ ഇല്ലെന്നു വിശ്വസിക്കുന്നു. ഈ ബില്ല്, യുണൈറ്റഡ് നേഷൻസ് (ഡെക്യുമെന്റേഷൻസിൽ) ബിൽ അയച്ചിട്ടുള്ള സെലക്ട് കമ്മറ്റിക്കു തന്നെ അയയ്ക്കേണ്ടതായിരിക്കുന്നു. അതുകൊണ്ട് താഴെ പേർപറയുന്ന അംഗങ്ങളടങ്ങിയ സെലക്ട് കമ്മറ്റിയിലേക്ക് ഈ ബിൽ അയയ്ക്കുവാൻ സഭ അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു:—

സെലക്ട് കമ്മിറ്റി അംഗങ്ങൾ.

1. മിസ്റ്റർ ഇ. ഭാസ്കരൻ
2. ,, കൃഷ്ണൻ അയ്യപ്പൻ
3. ,, എസ്സ്. നീലകണ്ഠയ്യർ
4. ,, കെ. എ. ഗംഗാധരമേനോൻ
5. ,, പട്ടം എ. താണുപിള്ള
6. ,, പി. ബാലകൃഷ്ണൻ തമ്പി
7. ,, ഇ. പി. പൗലോസ്

സെലക്ട് കമ്മിറ്റി ഈ ബില്ലിനെപ്പറ്റിയുള്ള റിപ്പോർട്ട് ഒരു മാസത്തിനകം അയയ്ക്കണമെന്നും കമ്മിറ്റിയുടെ കോറം നാലായിരിക്കണമെന്നും കൂടി ഞാൻ അഭിപ്രായപ്പെടുന്നു.

HON'BLE MR. N. KUNJURAMAN: I second it.

The motion was put to vote and carried.

THE INTERNATIONAL MONETARY FUND AND BANK BILL.

HON'BLE MR. A. J. JOHN: I beg to introduce the International Monetary Fund And Bank Bill and move that the Bill be taken into consideration.

HON'BLE MR. N. KUNJURAMAN: I second it.

The question whether the Bill be taken into consideration was put and carried.

HON'BLE MR. A. J. JOHN: ഈ ബില്ലിന്റെ ഉദ്ദേശം മലയാളത്തിൽ പറയുന്നതിനു പ്രയാസമാണ്. അതുകൊണ്ട് ഇതു മുഴുവൻ ഇംഗ്ലീഷിൽതന്നെ വായിക്കാമെന്ന് വിചാരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly